3. അപേക്ഷകൻ/അപേക്ഷക എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. എസ്.സി./എസ്.റ്റി. വിഭാഗക്കാർ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകണമെന്നില്ല. അവർ ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിന് ശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റിയും എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് തത്തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകും.

4. അപേക്ഷകൻ/അപേക്ഷക വിദ്യാർത്ഥി ആയിരിക്കാൻ പാടില്ല.

തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ തൊഴിൽരഹിത വേതനമായി പ്രതിമാസം 120 രൂപ (ഏറ്റിലുരുപത് രൂപ മാത്രം)-യാണ് നൽകിവരുന്നത്. തൊഴിൽരഹിത വേതനം വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

നിലവിലെ നിയമപ്രകാരം തൊഴിൽരഹിത വേതനത്തിന് അപേക്ഷിക്കുന്നവരുടെ കുടുംബ, വ്യക്തിഗത വരുമാനം, പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽനില എന്നീ കാര്യങ്ങൾ പരിശോധിച്ച് അർഹതയുള്ളവർക്ക് മാത്രമാണ് വേതനം നൽകുന്നത്. നിലവിലെ നിയമപ്രകാരമല്ലാതെ, യാതൊരു മാനദണ്ഡവുമില്ലാതെ തൊഴിൽരഹിത വേതനം നൽകുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

തൊഴിലാളിക്ഷേമ ബോർഡുകൾ

257 (2812) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിൽ എത്ര തൊഴിലാളിക്ഷേമ ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട് ; ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ഷെഡ്യൂൾ ബാങ്കുകൾ, സർക്കാർ ട്രഷറി എന്നിവയിൽ പ്രസ്തുത ബോർഡുകളുടെ നിക്ഷേപങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിലാകെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; 31-10-2014-ലെ കണക്ക് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക ; ഓരോ ബോർഡിൽനിന്നും എടുത്ത വായ്പയുടെ കണക്ക് ലഭ്യമാക്കാമോ ;

(ഡി) 1-7-2006 മുതൽ 31-3-2011 വരെയുള്ള കാലയളവിൽ എത്ര പ്രാവശ്യം ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ എടുത്തു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിൽ 16 തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ബോർഡുകളിലെ നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 31-10-2014 തീയതി വരെയുള്ള കണക്ക് പ്രകാരം പ്രസ്തുത ക്ഷേമനിധി ബോർഡുകളിലാകെ 7489382 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി)

1. കേരള അബ്കാരി ക്ഷേമനിധി ബോർഡിൽ നിന്നും 2001-ൽ 15 കോടി രൂപ സർക്കാരിന് വായ്പ നൽകിയിരുന്നു. ആയത് 2003-ൽ വായ്പയുകയായ 15 കോടി രൂപ തിരികെ ബോർഡിന് ലഭിച്ചിട്ടുള്ളതും 28-3-2014-ൽ പലിശയിനത്തിൽ 6,09,12,453 രൂപ ബോർഡിന് തിരികെ ലഭിച്ചിട്ടുള്ളതുമാണ്.

2. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2010-ൽ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും 5 ലക്ഷം രൂപയും 2012-ൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 10 ലക്ഷം രൂപയും വായ്പ എടുത്തിട്ടുണ്ട്.

3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ നിർദ്ദേശിച്ചതിനെ തുടർന്ന് 19-2-2014-ൽ 100 കോടി രൂപയും 5-4-2014-ൽ 150 കോടി രൂപയും 1-11-2014-ൽ 84 കോടി 85 ലക്ഷം രൂപയും 4-11-2014-ൽ 67 ലക്ഷം രൂപയും ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ നിർദ്ദേശ പ്രകാരം 384 കോടി രൂപ ട്രഷറിയിൽ നിക്ഷേപിക്കുകയും ഇതിൽ 284 കോടി രൂപ തിരികെ ലഭിച്ചിട്ടുള്ളതുമാണ്.

5. മറ്റ് തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നും വായ്പ നൽകിയിട്ടില്ല.

(ഡി) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് 31-5-2008-ൽ 75 കോടി രൂപ മൂന്ന് വർഷത്തേയ്ക്ക് ട്രഷറിയിൽ നിക്ഷേപിക്കുകയും ടി തുക 14-6-2011-ൽ പിൻവലിച്ചിട്ടുള്ളതുമാണ്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2010-ൽ കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 5 ലക്ഷം രൂപയും 2012-ൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും 10 ലക്ഷം രൂപയും വായ്പ എടുത്തിട്ടുണ്ട്.

കർഷകത്തൊഴിലാളിക്ഷേമനിധി ബോർഡ്

258 (2813) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഭൂനികുതി പിരിച്ചടയ്ക്കുന്നത് സംബന്ധിച്ച അവ്യക്തത ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയുള്ളത് ഏതു കാലയളവുവരെ തീർപ്പുകൽപ്പിച്ചു എന്ന് വ്യക്തമാക്കാമോ ; എത്ര അപേക്ഷകൾ ഇനി ബോർഡിന്റെ പക്കൽ കുടിശ്ശികയായി കിടക്കുന്നു എന്നറിയിക്കാമോ ; ഇവ എന്നേക്ക് പരിഹരിക്കും എന്നറിയിക്കാമോ ;

(സി) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെങ്കിലും വരുമാന സ്രോതസ്സ് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വെളിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly